STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.367/PR/SPMC/PHQ/2025 Date:03.11.2025

## വിഷൻ-2031 സെമിനാറിൽ മുന്നോട്ടുവച്ച ആശയങ്ങൾ പ്രാവർത്തികമാക്കും: മുഖ്യമന്ത്രി

പൗര കേന്ദ്രീകൃതമായതും രക്ഷാകർതൃ സ്വഭാവത്തോടുക്കൂടിയതുമായ ഒരു സ്വഭാവത്തിലേയ്ക്ക് പൊലീസ് സേനയെ മാറ്റിയെടുക്കുകയാണ് ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

കണ്ണൂരിൽ സംഘടിപ്പിച്ച ആഭ്യന്തര വകുപ്പിന്റെ വിഷൻ-2031 സെമിനാറിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

എട്ട് സെഷനുകളിലായി നടന്ന സെമിനാറിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങൾ ഭാവനാത്മകവും ക്രിയാത്മകവുമാണെന്നും ഇവ ആഭ്യന്തര വകുപ്പിന്റെ ഭാവി പ്രവർത്തനങ്ങളിൽ മാർഗ്ഗദർശകമാകുമെന്നും അദ്ദേഹം പറഞ്ഞു.

സേനയെ ആധുനിക കാലത്തെ വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്ന പരിപ്രേക്ഷ്യമാണ് സെമിനാറിലൂടെ ഉരുത്തിരിഞ്ഞു വന്നിട്ടുളത്. നിയമവാഴ്ച ഉറപ്പാക്കൽ, ഫോറൻസിക്, കുറ്റാന്വേഷണം, പൊതുസുരക്ഷ, അടിയന്തര പ്രതികരണശേഷി, മനുഷ്യ വിഭവശേഷിയുടെ മെച്ചപ്പെട്ട ഉപയോഗം, സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, സൈബർ, നാർക്കോ, സംഘടിത കുറ്റകൃത്യങ്ങളെ തടയൽ, ഫയർ & റെസ്ക്യൂ, ജയിൽ നിയമങ്ങളിലെ പരിഷ്കരണം എന്നിവ സംബന്ധിച്ച നിർദേശങ്ങളാണ് സെമിനാറിന്റെ ഭാഗമായി മുന്നോടു വച്ചിട്ടുള്ളത്.

വിഷൻ-2031 ൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങൾ പ്രവർത്തി പഥത്തിൽ കൊണ്ടുവരുമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

2031 ഓടെ 50 ലക്ഷത്തോളം വയോജനങ്ങൾ സംസ്ഥാനത്തുണ്ടാകുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഇവരുടെ സംരക്ഷണത്തിനായി 24 മണിക്കൂറും പ്രവർത്തന സജ്ജമായ ഹെൽപ്പ് ലൈൻ സ്ഥാപിക്കും.

പോൽ ആപ്പ് Integrated Emergency Response Platform ആയി ഉയർത്തും. ഏത് തരത്തിലുള്ള വിഷമാവസ്ഥയിലൂടെ കടന്നുപോകുന്നവർക്കും ഏത് സമയത്തും ബന്ധപ്പെടാൻ ഇത് ഉപകരിക്കും.

അന്യസംസ്ഥാന തൊഴിലാളികളുടെ തിരിച്ചറിയൽ, അനുബന്ധ നടപടികൾ കാര്യക്ഷമമാക്കും.

വാഹനാപകടങ്ങൾ കുറയ്ക്കാൻ Intelligent Traffic Management System നടപ്പാക്കും. A.I അടിസ്ഥാനപ്പെടുത്തിയുള്ള Traffic Management നടപ്പിലാക്കും.

സൈബർ ട്രെയിനിംഗ് അക്കാദമി സ്ഥാപിക്കും.

സംസ്ഥാന തലത്തിൽ ദുരന്ത പ്രതിരോധസേന സജ്ജമാക്കും.

ദുരന്ത നിവാരണത്തിൽ ഡ്രോണുകളുടെ ഉപയോഗം വ്യാപകമാക്കും.

എല്ലാ പൊലിസ് ഉദ്യോഗസ്ഥർക്കും ബോഡി ക്യാമറ നിർബന്ധമാക്കും.

സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ് എല്ലാ സ്കൂളുകളിലേക്കും വ്യാപിപ്പിക്കും.

എട്ടു സെഷനുകളിലായി നടന്ന സെമിനാറിൽ ഉയർന്ന് വന്ന പ്രധാന ആശയങ്ങൾ സമാപന ചടങ്ങിൽ ഇന്റലിജൻസ് വിഭാഗം എ.ഡി.ജി.പി പി വിജയൻ, തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജി എസ് അജീത ബീഗം എന്നിവർ വിവരിച്ചു.

ഈ സർക്കാരിന്റെ കഴിഞ്ഞ പത്ത് വർഷത്തെ മുന്നേറ്റങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്ന Kerala Home Department A Journey of Achievemnets 2016-2025 എന്ന പുസ്തകത്തിന്റെ പ്രകാശനം മുഖ്യ മന്ത്രി പിണറായി വിജയൻ രജിസ്ട്രേഷൻ, പുരാവസ്തു വകുപ്പ് മന്ത്രി രാമ ചന്ദ്രൻ കടന്നപ്പള്ളിക്ക് നൽകി നിർവ്വഹിച്ചു.

സമാപന ചടങ്ങിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.കെ.കെ രത്നകുമാരി, ആഭ്യന്തര & വിജിലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്ര ട്ടറി ബിശ്വനാഥ് സിൻഹ, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, മറ്റ് മുതിർന്ന പോലീസുദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ സംബന്ധിച്ചു.

സെമിനാറിന്റെ ഉദ്ഘാടനം രാവിലെ മുൻ സുപ്രീം കോടതി ജഡ്ജി സി.ടി. രവികുമാർ നിർവ്വഹിച്ചു. ഉദ്ഘാടനചടങ്ങിൽ ആഭ്യന്തര & വിജി ലൻസ് വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ബിശ്വനാഥ് സിൻഹ, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ്.ശ്രീജിത്ത് എന്നിവർ ചേർന്ന് കഴിഞ്ഞ പത്ത് വർഷങ്ങളിൽ ആഭ്യന്തര വകുപ്പ് കൈവരിച്ച നേട്ടങ്ങൾ അവ തരിപ്പിച്ചു. ഫയർ & റെസ്ക്യു സർവ്വീസസ് ഡയറക്ടർ ജനറൽ നിതിൻ അഗ്രവാൾ ആധുനിക പോലീസിംഗ് എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിച്ചു. മുൻ സംസ്ഥാന പോലീസ് മേധാവി ജേക്കബ് പുന്നൂസ് സെമി നാറിൽ പാനൽ ചർച്ചകൾക്കായി അവതരിപ്പിക്കുന്ന വിവിധ വിഷയങ്ങളെ പ്പറ്റി ആമുഖ പ്രസംഗം നടത്തി. സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ സ്വാഗതവും കണ്ണൂർ റെയ്ഞ്ച് ഡി.ഐ.ജി യതീഷ് ചന്ദ്ര ജി എച്ച് നന്ദി പ്രകാശനവും നടത്തി.

*************************